©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2023

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**പതിനഞ്ചാം കേരള നിയമസഭ**

# സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2021-2023)

## ആറാമത് റിപ്പോർട്ട്

(2023 മാർച്ച് മാസം 20-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2011-14)യുടെ ഒന്നാമത് റിപ്പോർട്ടിന്മേലുള്ള (മലപ്പുറം ജില്ലയിൽ സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന വിവിധ ക്ഷേമ സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്) ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2023

പതിനഞ്ചാം കേരള നിയമസഭ

# സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2021-2023)

## ആറാമത് റിപ്പോർട്ട്

(2023 മാർച്ച് മാസം 20-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2011-14)യുടെ ഒന്നാമത് റിപ്പോർട്ടിന്മേലുള്ള (മലപ്പുറം ജില്ലയിൽ സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന വിവിധ ക്ഷേമ സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്) ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

468/2023.

# ഉള്ളടക്കം


| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |

## സമിതിയുടെ ഘടന

<u>അദ്ധ്യക്ഷ</u> :

ശ്രീമതി യു. പ്രതിഭ

<u>അംഗങ്ങൾ</u> :

ശ്രീമതി ഒ.എസ്. അംബിക

ശ്രീമതി സി.കെ. ആശ

ശ്രീമതി ദെലീമ

ശ്രീമതി കാനത്തിൽ ജമീല

ഡോ. എൻ. ജയരാജ്

ഡോ. എം.കെ. മുനീർ

ശ്രീമതി ശാന്തകുമാരി കെ.

*ശ്രീമതി ഉമ തോമസ്

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എ.എം. ബഷീർ, സെക്രട്ടറി

ശ്രീ. ആർ. വേണുഗോപാൽ, ജോയിന്റ് സെക്രട്ടറി

ശ്രീമതി ലാലി വി.എസ്., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജയകുമാർ ജി., അണ്ടർ സെക്രട്ടറി

ശ്രീ. അനിൽകുമാർ ബി., അണ്ടർ സെക്രട്ടറി.

* അംഗമായിരുന്ന ശ്രീ. സജീവ് ജോസഫ് 12-7-2022-ന് രാജിവച്ചതിനെ തുടർന്നുണ്ടായ ഒഴിവിൽ

# ആമുഖം

കേരള നിയമസഭയുടെ സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2011-2014) സംസ്ഥാന ത്തൊട്ടാകെയുള്ള ക്ഷേമ സ്ഥാപനങ്ങൾ സന്ദർശിക്കുന്നതിന് തീരുമാനിച്ചതിന്റെ ഭാഗമായി 30-11-2011-ന് മലപ്പുറം ജില്ലയിൽ സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന തവനൂർ വൃദ്ധമന്ദിരം, മഹിളാമന്ദിരം, പ്രതീക്ഷാ ഭവൻ, റെസ്ക്യൂ ഹോം, ഒബ്സർവേഷൻ ഹോം, സ്പെഷ്യൽ ഹോം, ചിൽഡ്രൻസ് ഹോം, ശിശുപരിപാലന കേന്ദ്രം, കോട്ടൂർ എന്നീ സ്ഥാപനങ്ങൾ സന്ദർശിക്കുകയുണ്ടായി. സന്ദർശനവേളയിൽ പ്രസ്തുത സ്ഥാപനങ്ങൾ സാമൂഹ്യനീതി വകുപ്പിന്റെ കീഴിലായിരുന്നു. വനിതാ ശിശുവികസന വകുപ്പ് രൂപീകരിച്ചതിനെ തുടർന്ന് മഹിളാമന്ദിരം, റെസ്ക്യൂ ഹോം, ഒബ്സർവേഷൻ ഹോം, സ്പെഷ്യൽ ഹോം, ചിൽഡ്രൻസ് ഹോം, ശിശുപരിപാലന കേന്ദ്രം തുടങ്ങിയ സ്ഥാപനങ്ങൾ നിലവിൽ വനിതാ ശിശുവികസന വകുപ്പിന്റെ കീഴിലാണ് പ്രവർത്തിക്കുന്നത്. പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ ശിപാർശകളും നിർദ്ദേശങ്ങളും ഉൾപ്പെടുത്തി സമിതി (2011-2014)-യുടെ ഒന്നാമത് റിപ്പോർട്ട് 9-7-2012-ൽ സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടങ്ങിയതാണ് ഈ റിപ്പോർട്ട്.

2023 മാർച്ച് 15-ാം തീയതി ചേർന്ന സമിതിയോഗത്തിൽ ഈ റിപ്പോർട്ട് അംഗീകരിച്ചു.

യു. പ്രതിഭ,

*അദ്ധ്യക്ഷ,*

*സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും*
*കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും*
*ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2023 മാർച്ച് 20.

# റിപ്പോർട്ട്

സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ നിരവധി ക്ഷേമ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. സാമൂഹ്യനീതി വകുപ്പിന്റെ ഏറ്റവും വലിയ ഗുണഭോക്താക്കളാണ് സ്ത്രീകളും ട്രാൻസ്ജെന്ററുകളും കുട്ടികളും വൃദ്ധരും ഭിന്നശേഷിക്കാരും. ജീവിതത്തിൽ ഒറ്റപ്പെട്ടവർക്ക് തണൽ നൽകി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് നയിക്കുന്നതിൽ എത്രത്തോളം വിജയിച്ചു എന്ന് മനസ്സിലാക്കുന്നതിനായി കേരള നിയമസഭയുടെ സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2011-2014) സംസ്ഥാനത്തൊട്ടാകെയുള്ള ക്ഷേമ സ്ഥാപനങ്ങൾ സന്ദർശിക്കുന്നതിന് തീരുമാനിച്ചതിന്റെ ഭാഗമായി 30.11.2011-ന് മലപ്പുറം ജില്ലയിലെ തവനൂർ വൃദ്ധമന്ദിരം, മഹിളാമന്ദിരം, പ്രതീക്ഷാ ഭവൻ, റെസ്ക്യൂ ഹോം, ഒബ്സർവേഷൻ ഹോം, സ്പെഷ്യൽ ഹോം, ചിൽഡ്രൻസ് ഹോം, ശിശുപരിപാലന കേന്ദ്രം, കോട്ടൂർ എന്നീ സ്ഥാപനങ്ങൾ സന്ദർശിക്കുകയുണ്ടായി. പ്രസ്തുത സന്ദർശനവേളയിൽ സമിതിക്ക് നേരിട്ട് ബോദ്ധ്യപ്പെട്ടതും അധികാരികൾ, ജീവനക്കാർ, അന്തേവാസികൾ എന്നിവരിൽ നിന്നും തെളിവെടുപ്പിലൂടെ ലഭിച്ചതുമായ വസ്തുതകളുടെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ ശിപാർശകളും നിർദ്ദേശങ്ങളും ഉൾപ്പെടുത്തി സമിതി (2011-2014)-യുടെ ഒന്നാമത് റിപ്പോർട്ട് 9-7-2012-ൽ സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിൽ 29 ശിപാർശകളാണ് ഉൾക്കൊള്ളിച്ചിരുന്നത്. പ്രസ്തുത ശിപാർശകളിന്മേൽ അനന്തര നടപടികൾ സ്വീകരിച്ച് സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി റിപ്പോർട്ടിന്റെ പകർപ്പ് 19-11-2012-ൽ സാമൂഹ്യനീതി വകുപ്പിലേക്ക് അയച്ചുകൊടുത്തിരുന്നു.

പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളും അവ സംബന്ധിച്ച് സർക്കാർ സ്വീകരിച്ച നടപടികളും അടങ്ങുന്ന ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളായാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം ഭാഗത്തിൽ സമിതി (2011-2014)-യുടെ ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ മറുപടികളും ഉൾപ്പെടുത്തിയിരിക്കുന്നു.

രണ്ടാം ഭാഗത്തിൽ സർക്കാരിൽ നിന്ന് അന്തിമ മറുപടി ലഭ്യമാക്കാനുള്ള 1, 2, 4, 14 എന്നീ നമ്പർ സമിതി ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്ന് നാളിതുവരെ ലഭ്യമായ മറുപടികളും ഉൾപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത ശിപാർശകളിന്മേൽ അടിയന്തരമായി അന്തിമ മറുപടി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**ഭാഗം I**

ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ

(സമിതി അംഗീകരിച്ചവ)

| ക്രമ നമ്പർ | ശിപാർശ | സ്വീകരിച്ച നടപടി |
|---|---|---|
| (1) | (2) | (3) |
| 1 | **ശിപാർശ 3 (ഖണ്ഡിക 5)**<br>**വൃദ്ധമന്ദിരം**<br>മലപ്പുറം ജില്ലയിലെ തവനൂർ വൃദ്ധമന്ദിരത്തിൽ പകർച്ചവ്യാധികളുള്ളവരെ പ്രവേശിപ്പിക്കുന്നത് നിലവിലുള്ള അന്തേവാസികൾക്ക് ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുമെന്നതിനാൽ അത് ഒഴിവാക്കണമെന്നും അപ്രകാരം പ്രവേശിപ്പിക്കപ്പെട്ടവരുണ്ടെങ്കിൽ അവരെ മാറ്റി പാർപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | **സാമൂഹ്യനീതി(സി) വകുപ്പ്**<br>(18-12-2018-ലെ 10326/സി2/2012/ സാനീവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)<br>തവനൂർ വൃദ്ധമന്ദിരത്തിൽ നിലവിൽ പകർച്ചവ്യാധികൾ ഉള്ളവരെ പ്രവേശിപ്പിക്കുന്നില്ല. പകർച്ചവ്യാധികൾ ഉണ്ടാകുന്ന അന്തേവാസികൾക്ക് ഐസൊലേഷൻ റൂം നിലവിലുണ്ട്.<br>(7-5-2019-ലെ യോഗത്തിൽ അംഗീകരിച്ചു.) |
| 2 | **ശിപാർശ 5 (ഖണ്ഡിക 7)**<br>ഓരോ അന്തേവാസിക്കും ചികിത്സാ ചെലവിനായി പ്രതിമാസം അനുവദിച്ചിരിക്കുന്നത് 300 രൂപയാണ്. അവരുടെ ചികിത്സാ ചെലവിനായി പരിധി നിശ്ചയിക്കുന്നത് പരിഷ്കൃത സമൂഹത്തിന് ആശാസ്യമല്ല. കൂടാതെ ഇത്തരം അന്തേവാസികളുടെ മരണാനന്തര ചെലവുകൾക്കായി അനുവദിച്ചിരിക്കുന്ന 1500 രൂപയും വളരെ അപര്യാപ്തമാണ് എന്ന് സമിതി മനസ്സിലാക്കുന്നതിനാൽ പ്രസ്തുത തുകകൾ കാലോചിതമായി വർദ്ധിപ്പിക്കുന്നതിനുവേണ്ട അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **സാമൂഹ്യനീതി(സി) വകുപ്പ്**<br>(18-12-2018-ലെ 10326/ സി2/ 2012/സാനീവ നമ്പർ കത്ത് മുഖേന ലഭിച്ചത്)<br>G.O.(Rt)467/2015/SJD തീയതി 29-7-2015 ഉത്തരവ് പ്രകാരം ഓരോ അന്തേവാസിക്കും ചികിത്സാ ചെലവിനായി പ്രതിമാസം 1000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ അന്തേവാസികൾക്ക് ആവശ്യമായ മരുന്നുകൾ വയോഅമൃതം, വയോമിത്രം പദ്ധതി പ്രകാരം ലഭ്യമാകുന്നുമുണ്ട്.<br>(7-5-2019-ലെ യോഗത്തിൽ പരിഗണിക്കുകയും അധിക വിവരം ആരായുകയും ചെയ്തു.) |

| (1) | (2) | (3) |
|---|---|---|
| | **7-5-2019-ൽ സമിതി ആവശ്യപ്പെട്ട അധിക വിവരം**<br>തവനൂർ വൃദ്ധമന്ദിരത്തിലെ അന്തേവാസികളുടെ മരണാനന്തര ചെലവുകൾക്കായി അനുവദിച്ചിട്ടുള്ള തുക വർദ്ധിപ്പിച്ചിട്ടുണ്ടോയെന്ന് ആരാഞ്ഞു. | **സാമൂഹ്യനീതി(സി) വകുപ്പ്**<br>(10-12-2019-ലെ സാനീവ-സി2/353/2019-സാനീവ നമ്പർ കത്ത് മുഖേന ലഭിച്ചത്)<br>താമസക്കാർക്ക് ചികിത്സാ ചെലവിനായി പ്രതിമാസം 1000 രൂപ ആയിരുന്നത് 1100 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. അന്തേവാസികളുടെ മരണാനന്തര ചെലവുകൾക്കായി പ്രത്യേകം തുക വകയിരുത്തിയിട്ടില്ല. ഈ ആവശ്യത്തിലേയ്ക്കായി മാനേജ്മെന്റ് കമ്മിറ്റിയിൽ നിന്നും ആവശ്യത്തിന് തുക വിനിയോഗിക്കുകയാണ് ചെയ്യുന്നത്.<br>(6-11-2020-ലെ യോഗത്തിൽ അംഗീകരിച്ചു. |
| 3 | **ശിപാർശ 6 (ഖണ്ഡിക 8)**<br>വാർദ്ധക്യത്തിൽ ഒറ്റപ്പെട്ടു കഴിയുന്ന അന്തേവാസികളുടെ വിവിധ മാനസിക പ്രശ്നങ്ങൾ പഠിക്കുന്നതിനും അവ പരിഹരിക്കുന്നതിനുമായി, പാർട്ട്ടൈം കൗൺസിലറുടെ സേവനം ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **സാമൂഹ്യനീതി(സി) വകുപ്പ്**<br>(18-12-2018-ലെ 10326/സി2/2012/സാനീവ നമ്പർ കത്ത് മുഖേന ലഭിച്ചത്)<br>അന്തേവാസികളുടെ വിവിധ മാനസിക പ്രശ്നങ്ങൾ പഠിക്കുന്നതിനും, അവർക്ക് ആവശ്യമായ സൈക്കോ സോഷ്യൽ കെയർ നൽകുന്നതിനും ബാംഗ്ലൂർ നിംഹാൻസുമായി ചേർന്ന് 'Psycho social care in old age homes' എന്ന പദ്ധതി 2017-18 സാമ്പത്തിക വർഷം ആരംഭിച്ചിട്ടുണ്ട്.<br>(7-5-2019-ലെ യോഗത്തിൽ അംഗീകരിച്ചു.) |
| 4 | **ശിപാർശ 7 (ഖണ്ഡിക 9)**<br>സർക്കാർ ഉത്തരവ് നമ്പർ 189/95/ത.സ്വ.ഭ.വ. തീയതി 18-9-1995 പ്രകാരം വകുപ്പ് പൊന്നാനി ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയ പ്രസ്തുത സ്ഥാപനത്തിൽ ജില്ലയിലെ വിവിധ പഞ്ചായത്തുകളിലെ നിരാലംബരായവർ അന്തേവാസികളായുണ്ടെന്ന് | **സാമൂഹ്യനീതി(സി) വകുപ്പ്**<br>(18-12-2018-ലെ10326/സി2/2012/സാനീവ നമ്പർ കത്ത് മുഖേന ലഭിച്ചത്)<br>പൊന്നാനി ബ്ലോക്ക് പഞ്ചായത്ത് മുഖേന കഴിഞ്ഞ മൂന്നുവർഷങ്ങളിൽ തവനൂർ വൃദ്ധമന്ദിരത്തിൽ നടപ്പിലാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ |

| (1) | (2) | (3) |
|---|---|---|
| | സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഇത്തരം ക്ഷേമസ്ഥാപനങ്ങൾക്ക് ആവശ്യമായ സഹായം നല്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോട് ആവശ്യപ്പെടുന്നതിനുവേണ്ട നടപടിയുണ്ടാകണമെന്ന് സമിതി നിർദ്ദേശിക്കുന്നു. | ചുവടെ ചേർക്കുന്നു. |

| ക്രമ നം | വർഷം | പ്രോജക്റ്റിന്റെ പേര് | ചെലവഴിച്ച തുക | റിമാർക്സ് |
|---|---|---|---|---|
| 1 | 2015-16 | Construction of Waste Water Treatment Plant | 6,99,412 | Multi year project 2014-16 Total amount 15,96,412 |
| 2 | 2016-17 | Purchase of furniture | 3,05,951 | |
| 3 | | Truss work | 8,64,374 | |
| 4 | 2017-18 | Purchase Furniture | 1,58,075 | |
| 5 | | Infrastructure Development (toilet and Paving Block) | 4,39,683 | |
| 6 | 2018-19 | Dormitory Room construction in Old Age Home (Separation wall fabrication Work) | 7,50,000 | Under Imple-mentation |

(7-5-2019-ലെ യോഗത്തിൽ അംഗീകരിച്ചു.)

| (1) | (2) | (3) |
| --- | --- | --- |
| 5 | **ശിപാർശ 8 (ഖണ്ഡിക 10)**<br>സോഷ്യൽ സെക്യൂരിറ്റി മിഷൻ പ്രോജക്റ്റ് അനുസരിച്ച് ജോലി ചെയ്യുന്ന ആയുർവേദ ഡോക്ടർ, നഴ്സ്, പാർട്ട്ടൈം സ്വീപ്പർ എന്നിവരുടെ ഒഴിവുകൾ അടിയന്തരമായി നികത്തണമെന്നും അതുവരെ നിലവിലുള്ള ജീവനക്കാരെ തുടരാൻ അനുവദിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | **സാമൂഹ്യനീതി(സി) വകുപ്പ്**<br>(18-12-2018-ലെ 10326/സി2/2012/ സാനീവ നമ്പർ കത്ത് മുഖേന ലഭിച്ചത്)<br>കേരള സാമൂഹ്യസുരക്ഷാ മിഷൻ മുഖേന അനുവദിച്ച തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ട്.<br>(7-5-2019-ലെ യോഗത്തിൽ അംഗീകരിച്ചു.) |
| 6 | **ശിപാർശ 9 & 10 (ഖണ്ഡിക 11)**<br>**മഹിളാമന്ദിരം**<br>വിധവകൾ, വിവാഹബന്ധം വേർപെടുത്തിയവർ, അഗതികളും ആലംബഹീനരുമായ 13 വയസ്സിനുമേൽ പ്രായമുള്ള വനിതകൾ എന്നിവർക്കാണ് മഹിളാമന്ദിരത്തിൽ പ്രവേശനം നല്കുന്നത്. ടി സ്ഥാപനത്തിലെത്തുന്ന അമ്മമാർക്ക് കുട്ടിക്ക് ആറു വയസ്സാകുന്നതുവരെ കൂടെ താമസിപ്പിക്കുന്നതിന് അനുവാദമുണ്ട്. ആറുവയസ്സുവരെ പ്രായമുള്ള കുട്ടികളെ, അവരുടെ കുറഞ്ഞ പ്രായത്തിൽ തന്നെ അമ്മയിൽനിന്ന് വേർപെടുത്തി പ്രത്യേകം താമസിപ്പിക്കുന്നത്, ഇരുവരിലും മാനസിക സംഘർഷം സൃഷ്ടിക്കുന്നതിനാൽ പ്രസ്തുത സ്ഥാപനത്തിൽ അമ്മമാരോടൊപ്പം താമസിച്ചുവരുന്ന കുട്ടികളുടെ പ്രായപരിധി ആറുവയസ്സിൽ നിന്ന് പത്ത് വയസ്സായി ഉയർത്തണമെന്നും, ഇത്തരം കുട്ടികളെ ജുവനൈൽ ഹോമിലേക്ക് മാറ്റി പാർപ്പിക്കുമ്പോൾ അവരുടെ അമ്മമാരെ ടി സ്ഥാപനത്തിന് തൊട്ടടുത്തുള്ള മഹിളാമന്ദിരത്തിലേക്ക് മാറ്റി പാർപ്പിക്കുന്ന കാര്യത്തിൽ ശ്രദ്ധ പതിപ്പിക്കണമെന്നും | **സാമൂഹ്യനീതി (ബി)വകുപ്പ്**<br>(8-8-2014-ലെ 10914/ബി3/2012/സാനീവ നമ്പർ കത്ത് മുഖേന ലഭിച്ചത്.)<br>മഹിളാമന്ദിരത്തിൽ അമ്മമാരോടൊപ്പം താമസിച്ചുവരുന്ന കുട്ടികളുടെ പ്രായപരിധി 10 വയസ്സായി ഉയർത്തുന്നതിനും കുട്ടികളെ ജുവനൈൽ ഹോമിലേക്ക് മാറ്റി പാർപ്പിക്കുമ്പോൾ അവരുടെ അമ്മമാരെ തൊട്ടടുത്തുള്ള മഹിളാമന്ദിരത്തിലേയ്ക്ക് മാറ്റി പാർപ്പിക്കുന്നതിനുമുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതാണെന്ന് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.<br>നിലവിലുള്ള സ്റ്റാഫ് പാറ്റേൺ കാലോചിതമായി പുതുക്കി നൈറ്റ് വാച്ച് വുമൺ, കുക്ക്, മേട്രൺ എന്നീ തസ്തികകൾ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ പ്രത്യേകമായി സമർപ്പിക്കുന്നതാണെന്ന് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.<br>(24-9-2014-ലെ യോഗത്തിൽ പരിഗണിക്കുകയും അധികവിവരം ആരായുകയും ചെയ്തു.) |

| (1) | (2) | (3) |
|---|---|---|
| | സമിതി സർക്കാരിനോട് ശിപാർശ ചെയ്യുന്നു. നിലവിൽ 25 സ്ത്രീകളെ താമസിപ്പിക്കുന്നതിന് സൗകര്യമുള്ള ഈ സ്ഥാപനത്തിൽ 14 സ്ത്രീകളും 5 കുട്ടികളു മടക്കം 19 അന്തേവാസികളാണുള്ളത്. 1975-ൽ ജയിൽവകുപ്പിൽ നിന്നും സാമൂഹ്യ ക്ഷേമവകുപ്പിന് കൈമാറിയ പ്രസ്തുത സ്ഥാപനത്തിൽ തസ്തികകളുടെ എണ്ണത്തിൽ കാലോചിതമായ മാറ്റം വരുത്തിയിട്ടില്ലാത്തതിനാൽ നിലവിലുള്ള ജീവനക്കാർ വളരെ ബുദ്ധിമുട്ടനുഭവിക്കുന്നു എന്ന് സ്ഥാപനത്തിന്റെ സൂപ്രണ്ട് സമിതിയെ അറിയിക്കുകയുണ്ടായി. ആയതി നാൽ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ കാലോചിതമായി പുതുക്കി നൈറ്റ് വാച്ച് വുമൺ, കുക്ക്, മേട്രൺ എന്നീ തസ്തികകൾ അടിയന്തരമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br><br>**24-9-2014-ൽ സമിതി ആവശ്യപ്പെട്ട അധികവിവരം**<br><br>പ്രസ്തുത ശിപാർശ നടപ്പാക്കി അതു സംബന്ധിച്ച വിശദവിവരങ്ങളടങ്ങിയ റിപ്പോർട്ട് അടിയന്തരമായി സമർപ്പിക്കുക. | **സാമൂഹ്യനീതി (ബി)വകുപ്പ്**<br><br>(20.01.2021-ലെ സാനീവ-ബി3/143/ 2016 /സാനീവ നമ്പർ കത്ത് മുഖേന ലഭിച്ചത്.)<br><br>പതിമൂന്നാം കേരള നിയമസഭയുടെ സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച നിയമസഭാ സമിതിയുടെ ഒന്നാമത് റിപ്പോർട്ടിലെ 9-ാം ശിപാർശ പരിഗണിച്ച് മഹിളാ മന്ദിരത്തിൽ പ്രവേശിക്കപ്പെടുന്ന അമ്മമാരുടെ 10 വയസ്സുവരെ പ്രായമുള്ള കുട്ടികളെ കൂടി അമ്മമാരോടൊപ്പം മഹിളാ മന്ദിരത്തിൽ താമസിപ്പിക്കുന്ന തിന് 7-10-2020-ലെ സ.ഉ.(സാധാ) നം.531/ 2020/സാനീവ നമ്പർ |

| (1) | (2) | (3) |
|---|---|---|
| | | ഉത്തരവ് പ്രകാരം സർക്കാർ അനുമതി നല്കി ഉത്തരവായിട്ടുണ്ട്.<br><br>ഇത്തരം കുട്ടികളെ പത്ത് വയസ്സ് കഴിഞ്ഞ് ചിൽഡ്രൻസ് ഹോമുകളിലേക്ക് മാറ്റി പാർപ്പിക്കുമ്പോൾ അവരുടെ അമ്മമാരെ തൊട്ടടുത്തുള്ള മഹിളാ മന്ദിരത്തിലേക്ക് മാറ്റിപ്പാർപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ബന്ധ പ്പെട്ട സ്ഥാപന സൂപ്രണ്ട്മാർക്കും ജില്ലാ വനിതാ ശിശു വികസന ഓഫീസർ മാർക്കും നിർദ്ദേശം നല്കുന്നതാണ്. മഹിളാമന്ദിരങ്ങളിൽ മേട്രൺ തസ്തിക കൾ സൃഷ്ടിച്ചിട്ടുണ്ട്. നൈറ്റ് വാച്ച് വുമൺ, കുക്ക് തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>(23-9-2021-ലെ യോഗത്തിൽ അംഗീകരിച്ചു.) |
| 7 | **സമിതി നിർദ്ദേശം (ഖണ്ഡിക 12)**<br><br>സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്ന മഹിളാമന്ദിരങ്ങൾ, റെസ്ക്യൂ ഹോമുകൾ, ആഫ്റ്റർ കെയർ ഹോമുകൾ, വികലാംഗ വനിതാ സദനം, ഷോർട്ട് സ്റ്റേ ഹോം തുടങ്ങിയ സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് നൽകേണ്ട തൊഴിൽ പരിശീലനം കാര്യക്ഷമമായി നടപ്പാക്ക പ്പെടുന്നില്ലെന്ന് സമിതിക്ക് ബോധ്യമായി. ആയതിനാൽ ടി സ്ഥാപനങ്ങളിലെ അന്തേവാസികളെ വിവിധ തൊഴിലുകൾ പരിശീലിപ്പിക്കുന്നത് ഉചിതമായിരിക്കു മെന്ന് സമിതി മനസ്സിലാക്കുന്നു. അതോടൊപ്പം അവരെ സ്വയംതൊഴിൽ ചെയ്യുവാൻ പ്രാപ്തരാക്കി അതുവഴി നേടുന്ന വരുമാനം അവരുടെ പേരിൽ ആരംഭിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടിൽ | **സാമൂഹ്യനീതി (ബി)വകുപ്പ്**<br><br>(8-8-2014-ലെ 10914/ബി3/2012/സാനീവ നമ്പർ കത്ത് മുഖേന ലഭിച്ചത്.)<br><br>സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന വനിതാക്ഷേമ സ്ഥാപനങ്ങളിൽ സി-സ്റ്റെഡ് മുഖാന്തരം അന്തേവാസികൾക്ക് ആവശ്യമായ തൊഴിൽ പരിശീലനം നൽകി വരുന്നു. കൂടാതെ സ്വയം തൊഴിൽ ചെയ്യുവാൻ വേണ്ടി 25,000 രൂപ ധനസഹായം നൽകി വരുന്നു. 18 വയസ്സ് കഴിഞ്ഞിട്ടുള്ള അന്തേവാസികളുടെ പേരിൽ ബാങ്ക് അക്കൗണ്ട് തുടങ്ങിയിട്ടുമുണ്ട്.<br><br>(24-9-2014-ലെ യോഗത്തിൽ അംഗീകരിച്ചു.) |

| (1) | (2) | (3) |
| --- | --- | --- |
| | നിക്ഷേപിച്ചാൽ അവരിൽ ഭാവിജീവിത പ്രതീക്ഷകൾ വളരുമെന്ന് സമിതി അഭിപ്രായപ്പെടുന്നു. | |
| 8 | **ശിപാർശ 11 (ഖണ്ഡിക 13)**<br>ജീവിതത്തിൽ പലവിധത്തിലുള്ള മനോവ്യഥകളിലൂടെയും മാനസിക സംഘർഷങ്ങളിലൂടെയും കടന്നുപോന്നവരാണ് മഹിളാക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾ. അതിനാൽ, സെൻട്രൽ സോഷ്യൽ വെൽഫെയർ ബോർഡിന്റെ സഹായത്തോടെ അവർക്കായി പ്രൊഫഷണൽ കൗൺസിലിംഗ് നൽകേണ്ടത് വളരെ അത്യാവശ്യമാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br><br>**24-9-2014-ൽ സമിതി ആവശ്യപ്പെട്ട അധികവിവരം**<br>പ്രസ്തുത ശിപാർശ നടപ്പാക്കി അതു സംബന്ധിച്ച വിശദവിവരങ്ങളടങ്ങിയ റിപ്പോർട്ട് അടിയന്തരമായി സമർപ്പിക്കുക. | **സാമൂഹ്യനീതി (ബി)വകുപ്പ്**<br>(8-8-2014-ലെ 10914/ബി3/2012/ സാനീവ നമ്പർ കത്ത് മുഖേന ലഭിച്ചത്.)<br>മഹിളാ ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് നിലവിൽ നല്കിവരുന്ന കൗൺസിലിംഗ് കൂടുതൽ കാര്യക്ഷമമാക്കുന്നതാണ്.<br>(24-9-2014-ലെ യോഗത്തിൽ പരിഗണിക്കുകയും അധികവിവരം ആരായുകയും ചെയ്തു.)<br><br>**സാമൂഹ്യനീതി (ബി)വകുപ്പ്**<br>(20-1-2021-ലെ സാനീവ-ബി3/143/ 2016 /സാനീവ നമ്പർ കത്ത് മുഖേന ലഭിച്ചത്.)<br>കേരള സംസ്ഥാന സോഷ്യൽ വെൽഫെയർ ബോർഡിന്റെ സഹായത്തോടെ ഗവൺമെന്റ് മഹിളാ മന്ദിരങ്ങളിലെ താമസക്കാർക്കായി കൗൺസിലിംഗ് നല്കിവരുന്നുണ്ട്. കൂടാതെ തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിലെ മഹിളാമന്ദിരങ്ങളിലെ താമസക്കാർക്കായി HLFPPT (Hindustan Latex Family Planning Promotion Trust) മായി സഹകരിച്ച് നടപ്പിലാക്കി |

| (1) | (2) | (3) |
|---|---|---|
| | | വരുന്ന പദ്ധതി പ്രകാരം സൈക്കോളജിസ്റ്റിന്റെ സഹായത്തോടെ കൗൺസിലിംഗ് നല്കിവരുന്നുണ്ട്. പദ്ധതിയുടെ വിജയം നിരീക്ഷിച്ച ശേഷം മറ്റു ജില്ലകളിലും പദ്ധതി ആരംഭിക്കുന്നതാണ്.<br>(23-9-2021-ലെ യോഗത്തിൽ അംഗീകരിച്ചു.) |
| 9 | **ശിപാർശ 12 & 13 (ഖണ്ഡിക 15)**<br>**പ്രതീക്ഷാഭവൻ**<br>മുതിർന്ന പുരുഷന്മാരിൽ മാനസിക വെല്ലുവിളി നേരിടുന്നവർക്ക് വേണ്ടിയുള്ള സ്ഥാപനമാണ് പ്രതീക്ഷാ ഭവൻ. 50 പേർക്ക് പ്രവേശനം അനുവദിച്ചിട്ടുള്ള പ്രസ്തുത സ്ഥാപനത്തിൽ നിലവിൽ 58 അന്തേവാസികളാണുള്ളത്. ബുദ്ധിമാന്ദ്യമുള്ളവരെ പരിചരിക്കുന്നതിനായി പ്രത്യേക യോഗ്യതയും പരിശീലനവും നേടിയ ജീവനക്കാരുടെ സേവനം അനിവാര്യമായതിനാൽ, അത്തരം ജീവനക്കാരെ അടിയന്തരമായി പ്രതീക്ഷാ ഭവനിൽ നിയമിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. റെസ്ക്യൂ ഹോമിന്റെ ഭാഗത്തുള്ള കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന ടി സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തിനും അന്തേവാസികളുടെ ശരിയായ പരിചരണത്തിനും സ്ഥലപരിമിതിയും ജീവനക്കാരുടെ അപര്യാപ്തതയും തടസ്സമാകുന്നതായി സമിതി മനസ്സിലാക്കുന്നു. കെ.എച്ച്.ആർ.ഡബ്ല്യു.എസ്. മുഖാന്തരം പ്രതീക്ഷാ ഭവനുവേണ്ടി പൂർത്തിയാക്കിയ | **സാമൂഹ്യനീതി (ഡി) വകുപ്പ്**<br>(18-4-2013-ലെ 1141/ഡി2/13/സാനീവ നമ്പർ കത്ത് മുഖേന ലഭിച്ചത്)<br>ബുദ്ധിമാന്ദ്യമുള്ളവരെ പരിചരിക്കുന്നതിനായി പ്രത്യേക യോഗ്യതയുള്ളവരെ IPM/MHANS മുഖേന നിയമിക്കുകയും അവർ സേവനമനുഷ്ഠിക്കുകയും ചെയ്യുന്നുണ്ട്. പ്രതീക്ഷാ ഭവൻ സ്ഥാപനത്തിന് നിലവിൽ കറന്റ് കണക്ഷൻ ലഭിച്ചിട്ടുണ്ടെന്നും അറിയിച്ചുകൊള്ളുന്നു.<br>(5-12-2013-ലെ യോഗത്തിൽ അംഗീകരിച്ചു.) |

| (1) | (2) | (3) |
|---|---|---|
| | കെട്ടിടത്തിന് സമയബന്ധിതമായി കറന്റ് കണക്ഷൻ നല്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | |
| 10 | **ശിപാർശ 15 (ഖണ്ഡിക 17)**<br><br>**റെസ്ക്യൂഹോം**<br><br>ഇമ്മോറൽ ട്രാഫിക് (പ്രിവൻഷൻ) നിയമ പ്രകാരമുള്ള കേസ്സിൽ ശിക്ഷിക്കപ്പെടുന്ന സ്ത്രീകൾക്ക് ആവശ്യമായ സംരക്ഷണവും പരിചരണവും നല്കി വരുന്ന കേരളത്തിലെ ഏക സ്ഥാപനമാണ് തവനൂർ റെസ്ക്യൂ ഹോം. 1986-ലെ ഇമ്മോറൽ ട്രാഫിക് (പ്രിവൻഷൻ) നിയമം പ്രകാരം ശിക്ഷിക്കപ്പെടുന്ന സ്ത്രീകളെയും ഈ നിയമപ്രകാരമുള്ള കുറ്റകൃത്യങ്ങളിലേക്ക് തള്ളിവിടപ്പെടുന്ന 'ഇര'കളേയും ഒരേ സ്ഥാപനത്തിൽ താമസിപ്പിക്കേണ്ടിവരുന്ന അവസ്ഥയാണ് നിലവിലുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ടി നിയമപ്രകാരമുള്ള കേസ്സിൽ ശിക്ഷിക്കപ്പെടുന്ന സ്ത്രീകളുടെ പരിവർത്തനം, പുനരധിവാസം എന്നീ കാര്യങ്ങൾക്കായി 'കറക്ടീവ്' സ്ഥാപനങ്ങളും സാഹചര്യങ്ങളാൽ കുറ്റകൃത്യങ്ങളിലേക്ക് തള്ളിവിടപ്പെടുന്നവരെ സംരക്ഷിക്കുന്നതിനായി 'പ്രൊട്ടക്ടീവ്' സ്ഥാപനങ്ങളും ആരംഭിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **സാമൂഹ്യനീതി (ബി)വകുപ്പ്**<br><br>(8-8-2014-ലെ 10914/ബി3/2012/ സാനീവ നമ്പർ കത്ത് മുഖേന ലഭിച്ചത്.)<br><br>പ്രിവൻഷൻ ഓഫ് ഇമ്മോറൽ ട്രാഫിക്കിംഗ് ആക്റ്റ് പ്രകാരം സ്ത്രീകളെ താമസിപ്പിക്കുന്നതിനായി റെസ്ക്യൂ ഹോം പുനഃപ്രവർത്തിപ്പിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു.<br><br>(24-9-2014-ലെ യോഗത്തിൽ പരിഗണിക്കുകയും അധികവിവരം ആരായുകയും ചെയ്തു.) |

| (1) | (2) | (3) |
|---|---|---|
| | **24-9-2014-ൽ സമിതി ആവശ്യപ്പെട്ട അധികവിവരം**<br>പ്രസ്തുത ശിപാർശ നടപ്പാക്കി അതു സംബന്ധിച്ച വിശദവിവരങ്ങളടങ്ങിയ റിപ്പോർട്ട് അടിയന്തരമായി സമർപ്പിക്കുക. | **സാമൂഹ്യനീതി (ബി)വകുപ്പ്**<br>(20-1-2021-ലെ സാനീവ-ബി3/143/ 2016 /സാനീവ നമ്പർ കത്ത് മുഖേന ലഭിച്ചത്.)<br>ഇമ്മോറൽ ട്രാഫിക് (പ്രിവൻഷൻ) ആക്റ്റ് പ്രകാരം corrective and protective homes എന്ന നിലയിൽ റെസ്ക്യൂ ഹോം പ്രവർത്തിച്ചു വരുന്നു. റെസ്ക്യൂ ഹോമിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ അവിടെ താമസിക്കുന്ന താമസക്കാരുടെ പുനരധിവാസത്തിന് ഊന്നൽ നല്കുന്ന പ്രവൃത്തികൾ വരുംവർഷങ്ങളിൽ നടപ്പിലാക്കുന്നതാണ്.<br>(23-9-2021-ലെ യോഗത്തിൽ അംഗീകരിച്ചു.) |
| 11 | **ശിപാർശ 16 (ഖണ്ഡിക 18)**<br>കൊല്ലം, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിലെ മഹിളാ മന്ദിരങ്ങളെ ഇമ്മോറൽ ട്രാഫിക് ആക്റ്റ് പ്രകാരം പ്രൊട്ടക്ടീവ് ഹോമുകളായി പ്രഖ്യാപിച്ചിട്ടുണ്ട്. ആയതിനാൽ മറ്റു പ്രധാന നഗരങ്ങളിലുള്ള മഹിളാമന്ദിരങ്ങളും ഇത്തരത്തിൽ പ്രൊട്ടക്ടീവ് ഹോമുകളായി പ്രവർത്തിപ്പിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **സാമൂഹ്യനീതി (ബി)വകുപ്പ്**<br>(8-8-2014-ലെ 10914/ബി3/2012/ സാനീവ നമ്പർ കത്ത് മുഖേന ലഭിച്ചത്.)<br>മറ്റു പ്രധാന നഗരങ്ങളിലുള്ള മഹിളാ മന്ദിരങ്ങളും ഇത്തരത്തിൽ പ്രൊട്ടക്ടീവ് ഹോമുകളായി പ്രവർത്തിപ്പിക്കുന്നതു സംബന്ധിച്ച പ്രൊപ്പോസൽ സമർപ്പിക്കുന്നതാണെന്ന് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.<br>(24-9-2014-ലെ യോഗത്തിൽ പരിഗണിക്കുകയും അധികവിവരം ആരായുകയും ചെയ്തു.) |

| (1) | (2) | (3) |
|---|---|---|
| | **24-9-2014-ൽ സമിതി ആവശ്യപ്പെട്ട അധികവിവരം**<br>പ്രസ്തുത ശിപാർശ നടപ്പാക്കി അതു സംബന്ധിച്ച വിശദവിവരങ്ങളടങ്ങിയ റിപ്പോർട്ട് അടിയന്തരമായി സമർപ്പിക്കുക. | **സാമൂഹ്യനീതി (ബി)വകുപ്പ്**<br>(20-1-2021-ലെ സാനീവ-ബി3/143/ 2016 /സാനീവ നമ്പർ കത്ത് മുഖേന ലഭിച്ചത്.)<br>കൊല്ലം, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് മഹിളാ മന്ദിരങ്ങളെ ഇമ്മോറൽ ട്രാഫിക് (പ്രിവൻഷൻ) ആക്റ്റ് പ്രകാരമുള്ള പ്രൊട്ടക്ടീവ് ഹോമുകളായി പ്രഖ്യാപിച്ചിട്ടുള്ളതു പോലെ തിരുവനന്തപുരം, എറണാകുളം ജില്ലകളിലെ മഹിളാ മന്ദിരങ്ങളെ കൂടി പ്രൊട്ടക്ടീവ് ഹോമുകളായി പ്രവർത്തിപ്പിക്കുന്നതിനായി നടപടി സ്വീകരിക്കുന്നതാണ്.<br>(23-9-2021-ലെ യോഗത്തിൽ അംഗീകരിച്ചു) |
| 12 | **ശിപാർശ 17 (ഖണ്ഡിക 19)**<br>1973-ൽ പ്രവർത്തനമാരംഭിച്ച തവനൂർ റെസ്ക്യൂ ഹോമിൽ 100 അന്തേവാസികൾക്ക് പ്രവേശനം അനുവദിച്ചിട്ടുള്ളതിൽ നിലവിൽ 19 പേരാണുള്ളത്. അവരിൽ ഭൂരിഭാഗവും അന്യസംസ്ഥാനത്തുള്ളവരാണ്. പ്രസ്തുത സ്ഥാപനത്തിലേക്ക് അന്തേവാസികളുടെ പ്രവേശനം സംബന്ധിച്ച് നിലവിൽ കോടതി ഉത്തരവുകളൊന്നും ഇല്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, അന്തേവാസികളുടെ പ്രവേശനം കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാത്രമാക്കണമെന്നും, ഓരോ അന്തേവാസിയുടെയും കേസ് ഫയലുകൾ പ്രത്യേകമായി സൂക്ഷിക്കേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു. | **സാമൂഹ്യനീതി (ബി)വകുപ്പ്**<br>(8-8-2014-ലെ 10914/ബി3/2012/ സാനീവ നമ്പർ കത്ത് മുഖേന ലഭിച്ചത്.)<br>അന്തേവാസികളുടെ പ്രവേശനം കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാത്രമാക്കണമെന്നും, ഓരോ അന്തേവാസിയുടെയും കേസ് ഫയലുകൾ പ്രത്യേകമായി സൂക്ഷിക്കേണ്ടതാണെന്നുമുള്ള നിർദ്ദേശം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർക്ക് നല്കിയിട്ടുണ്ട്.<br>(24-9-2014-ലെ യോഗത്തിൽ പരിഗണിക്കുകയും അധികവിവരം ആരായുകയും ചെയ്തു.) |

| (1) | (2) | (3) |
|---|---|---|
| | **24-9-2014-ൽ സമിതി ആവശ്യപ്പെട്ട അധികവിവരം**<br>പ്രസ്തുത ശിപാർശ നടപ്പാക്കി അതു സംബന്ധിച്ച വിശദവിവരങ്ങളടങ്ങിയ റിപ്പോർട്ട് അടിയന്തര മായി സമർപ്പിക്കുക. | **സാമൂഹ്യനീതി (ബി)വകുപ്പ്**<br>(20-1-2021-ലെ സാനീവ-ബി3/143/ 2016/സാനീവ നമ്പർ കത്ത് മുഖേന ലഭിച്ചത്.)<br>മലപ്പുറം തവനൂർ റെസ്ക്യൂ ഹോമിലെ അന്തേവാസികളുടെ പ്രവേശനം കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് നിലവിൽ നടന്നു വരുന്നത്. ഓരോ താമസക്കാരിക്കും പ്രത്യേകം കേസ് ഫയലുകൾ സൂക്ഷിക്കുന്നുണ്ട്.<br>(23-9-2021-ലെ യോഗത്തിൽ അംഗീകരിച്ചു) |
| 13 | **ശിപാർശ 18 (ഖണ്ഡിക 20)**<br>റെസ്ക്യൂ ഹോമിൽ എയ്ഡ്സ് രോഗബാധിത യായ അന്തേവാസിയുള്ളതായി സന്ദർശന വേളയിൽ സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിരുന്നു. എയ്ഡ്സ് രോഗബാധിതരോടുള്ള സമൂഹത്തിന്റെ മനോഭാവത്തിൽ മാറ്റം വരേണ്ടത് വളരെ ആവശ്യമാണെന്ന് അഭിപ്രായപ്പെട്ട സമിതി, സമൂഹത്തിൽ ഒറ്റപ്പെട്ടു കഴിയേണ്ടിവരുന്ന എയ്ഡ്സ് രോഗികളുടെ പുനരധിവാസത്തിനായി ഒരു പ്രത്യേക സ്ഥാപനം കാലതാമസം കൂടാതെ ആരംഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു. | **സാമൂഹ്യനീതി (ബി)വകുപ്പ്**<br>(8-8-2014-ലെ 10914/ബി3/2012/ സാനീവ നമ്പർ കത്ത് മുഖേന ലഭിച്ചത്.)<br>നിലവിൽ എയ്ഡ്സ് ബാധിതരെ പുനരധിവസിപ്പിക്കുന്നതിനായി എറണാകുളം ജില്ലയിൽ 'സ്വന്തം' എന്ന സ്ഥാപനം പ്രവർത്തിച്ചു വരുന്നു.<br>(24-9-2014-ലെ യോഗത്തിൽ അംഗീകരിച്ചു.) |

| (1) | (2) | (3) |
|---|---|---|
| 14 | **ശിപാർശ 19 (ഖണ്ഡിക 21)**<br><br>രണ്ടു വർഷത്തോളമായി ഈ സ്ഥാപനത്തിന് ഒരു സ്ഥിരം സൂപ്രണ്ടില്ലാത്തത് പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. മാനസികരോഗികളും എച്ച്.ഐ.വി. പോസിറ്റീവ് രോഗിയുമുൾപ്പെടെയുള്ള അന്തേവാസികളെ ആശുപത്രിയിൽ കൊണ്ടുപോകേണ്ട സാഹചര്യങ്ങളിൽ ജീവനക്കാരുടെ അപര്യാപ്തത വലിയ ബുദ്ധിമുട്ടുണ്ടാക്കുന്നു എന്നതിനാൽ റെസ്ക്യൂഹോമിൽ വാച്ച്മാൻ ഉൾപ്പെടെ അനുവദിക്കപ്പെട്ടിട്ടുള്ള എല്ലാ തസ്തികകളിലും സമയബന്ധിതമായി സ്ഥിരനിയമനം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br><br>**24-9-2014-ൽ സമിതി ആവശ്യപ്പെട്ട അധികവിവരം**<br><br>പ്രസ്തുത ശിപാർശ നടപ്പാക്കി അതു സംബന്ധിച്ച വിശദവിവരങ്ങളടങ്ങിയ റിപ്പോർട്ട് അടിയന്തരമായി സമർപ്പിക്കുക. | **സാമൂഹ്യനീതി (ബി)വകുപ്പ്**<br><br>(8-8-2014-ലെ 10914/ബി3/2012/ സാനീവ നമ്പർ കത്ത് മുഖേന ലഭിച്ചത്.)<br><br>റെസ്ക്യൂ ഹോമിൽ അനുവദിക്കപ്പെട്ടിട്ടുള്ള തസ്തികകളിൽ സ്ഥിര നിയമനം നടത്തുന്ന വിഷയം പരിശോധിച്ചുവരുന്നു.<br><br>(24-9-2014-ലെ യോഗത്തിൽ പരിഗണിക്കുകയും അധികവിവരം ആരായുകയും ചെയ്തു.)<br><br>**സാമൂഹ്യനീതി (ബി)വകുപ്പ്**<br><br>(20-1-2021 ലെ സാനീവ-ബി3/143/ 2016/ സാനീവ നമ്പർ കത്ത് മുഖേന ലഭിച്ചത്.)<br><br>റെസ്ക്യൂ ഹോമിൽ അനുവദിക്കപ്പെട്ടിട്ടുള്ള എല്ലാ തസ്തികകളിലും സ്ഥിര നിയമനം നടത്തിയിട്ടുണ്ട്. സൂപ്രണ്ട് തസ്തിക നിലവിൽ വേക്കന്റ് ആയതിനാൽ മലപ്പുറം മഹിളാ മന്ദിരത്തിന് ചാർജ്ജ് നല്കിയിട്ടുണ്ട്.<br><br>(23-9-2021-ലെ യോഗത്തിൽ അംഗീകരിച്ചു.) |

| (1) | (2) | (3) |
|---|---|---|
| 15 | **ശിപാർശ 20 (ഖണ്ഡിക 24)**<br><br>**സ്പെഷ്യൽ ഹോമുകൾ**<br><br>കേസ്സിലുൾപ്പെട്ട കുട്ടികളെ കുറ്റം തെളിയിക്കപ്പെടുന്നതുവരെ മറ്റ് യാതൊരു തരത്തിലും അവരുടെ പുനരധിവാസം സാധ്യമല്ലാതെ വരികയാണെങ്കിൽ നിശ്ചിത കാലത്തേക്ക് അവരെ പാർപ്പിക്കുന്നതിനുള്ള സംവിധാനമാണ് സ്പെഷ്യൽ ഹോമുകൾ.<br><br>കുറ്റവാസനയുള്ള കുട്ടികളുടെ മാനസികവും ശാരീരികവുമായ വളർച്ചയ്ക്ക് പരിരക്ഷയും പരിശീലനവും വളരെ ആവശ്യമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. നിർബന്ധ വിദ്യാഭ്യാസത്തിനുപരി കുട്ടികളിൽ സ്വാശ്രയ ശീലം വളർത്തുന്നതിനും മോചനാനന്തരം അവർക്ക് തൊഴിൽ കണ്ടെത്തുന്നതിനുമായി മെച്ചപ്പെട്ട രീതിയിലുള്ള തൊഴിൽ പരിശീലനം അനിവാര്യമാണെന്നും അതിനായി കാര്യക്ഷമമായ പദ്ധതികൾ വിഭാവനം ചെയ്യണമെന്നും സമിതി സർക്കാരിനോട് ശിപാർശ ചെയ്യുന്നു. | **സാമൂഹ്യനീതി (ഇ) വകുപ്പ്**<br><br>(1-1-2020-ലെ സാനീവ-ഇ 1/249/2019/സാനീവ നമ്പർ കത്ത് മുഖേന ലഭിച്ചത്.)<br><br>വകുപ്പിനു കീഴിലുള്ള ഗവൺമെന്റ് ചിൽഡ്രൻസ് ഹോമുകളിലുള്ള 16 വയസ്സ് കഴിഞ്ഞ കുട്ടികൾക്ക് ഹിന്ദുസ്ഥാൻ ലാറ്റക്സ് ഫാമിലി പ്ലാനിംഗ് പ്രൊമോഷൻ ട്രസ്റ്റിന്റെ (HLFPPT) നേതൃത്വത്തിൽ താല്പര്യമുള്ള തൊഴിൽ പരിശീലന മേഖലയുമായി ബന്ധപ്പെട്ട് അസസ്സ്മെന്റ് നടത്തി, പ്രസ്തുത കുട്ടികളെ വിവിധ തൊഴിൽ മേഖലയുമായി ബന്ധിപ്പിച്ച് പ്രവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ 'അസാപ്' പോലുള്ള സർക്കാർ സംഘടനകളുടെ നേതൃത്വത്തിൽ ചിൽഡ്രൻസ് ഹോമുകളിൽ പ്ലംബിംഗ്, വെൽഡിംഗ്, മൊബൈൽ ഫോൺ റിപ്പയറിംഗ്, ഇലക്ട്രിക്കൽ തുടങ്ങിയ പരിശീലനങ്ങൾ നല്കി വരുന്നു.<br><br>(6-11-2020-ലെ യോഗത്തിൽ അംഗീകരിച്ചു.) |
| 16 | **ശിപാർശ 21 (ഖണ്ഡിക 25)**<br><br>ഓരോ കുട്ടിയുടെയും വ്യത്യസ്ത പ്രശ്നങ്ങൾ പഠിക്കുകയും അവർ കുറ്റം ചെയ്യാനിടയായ സാഹചര്യം മനസ്സിലാക്കുകയും അതിനുവേണ്ട പരിഹാരം കാണുകയും അവരെ സമൂഹത്തിലെ ഉത്തമ പൗരന്മാരാക്കുന്നതിനായി | **സാമൂഹ്യനീതി (ഇ) വകുപ്പ്**<br><br>(1-1-2020 ലെ സാനീവ-ഇ 1/249/2019/സാനീവ നമ്പർ കത്ത് മുഖേന ലഭിച്ചത്.)<br><br>നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെ പുനരധിവാസവുമായി |

| (1) | (2) | (3) |
| --- | --- | --- |
| | അവർക്ക വേണ്ടി കാര്യക്ഷമമായ ബോധ വല്ക്കരണ പരിപാടികളും/ സെമിനാറുകളും സംഘടിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | ബന്ധപ്പെട്ട് വനിതാ ശിശു വികസന വകുപ്പ് ബാംഗ്ലൂർ നിംഹാൻസിന്റെ സഹായത്തോടെ 'കാവൽ പദ്ധതി' നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് കുട്ടികൾക്കും രക്ഷിതാക്കൾക്കും കൗൺസിലിംഗ്, ബോധവല്ക്കരണ പരിപാടികൾ എന്നിവ നടത്തുന്നുണ്ട്. ഇവ കൂടാതെ ജില്ലാ ശിശു സംരക്ഷണ യൂണിറ്റിന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുമായി ബന്ധപ്പെട്ട് ബോധവല്ക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.<br>(6-11-2020-ലെ യോഗത്തിൽ അംഗീകരിച്ചു.) |
| 17 | **ശിപാർശ 22 (ഖണ്ഡിക 26)**<br>സ്പെഷ്യൽ ഹോമുകളിൽ പര്യാപ്തമായ ജീവനക്കാരില്ലെന്നും കുട്ടികളുടെ താമസ സൗകര്യങ്ങൾ അപര്യാപ്തമാണെന്നും മെഡിക്കൽ ഡിപ്പാർട്ടമെന്റുമായി മെച്ചപ്പെട്ട ബന്ധമില്ല എന്നത് വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നതായും സ്ഥാപനത്തിന്റെ ചെയർ പേഴ്സൺ സമിതിയെ അറിയിക്കുകയുണ്ടായി. സാഹചര്യങ്ങൾ കൊണ്ടുമാത്രം ഇത്തരം സ്ഥാപനങ്ങളിൽ എത്തിച്ചേരുന്ന കുട്ടികൾക്ക് മാനസിക ഉല്ലാസം നല്കുന്നതിനായി കൂടുതൽ കളിസ്ഥലങ്ങളും ഉപകരണങ്ങളും അനുവദിക്കുണമെന്നും, ബുദ്ധിപരമായ വളർച്ചയ്ക്കും വികാസത്തിനും വായനാശീലം വളർത്തിയെടുക്കുന്നതിനുമായി മെച്ചപ്പെട്ട ലൈബ്രറി സംവിധാനം ഒരുക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | **സാമൂഹ്യനീതി (ഇ) വകുപ്പ്**<br>(1-1-2020-ലെ സാനീവ-ഇ 1/249/ 2019/സാനീവ നമ്പർ കത്ത് മുഖേന ലഭിച്ചത്.)<br>എല്ലാ ഗവൺമെന്റ് ചിൽഡ്രൻസ് ഹോമുകളിലും കുട്ടികളുടെ കലാകായിക അഭിരുചി വർദ്ധിപ്പിക്കുന്നതിനും മാനസിക ഉല്ലാസം നല്കുന്നതിനും പരിശീലകരെ നിയോഗിക്കുന്നതിന് പ്രതിമാസം 30,000 രൂപ നിരക്കിൽ തുക അനുവദിച്ചു വരുന്നു. എല്ലാ ഹോമുകളിലും സ്പോർട്സ് ഉപകരണങ്ങൾ വാങ്ങുന്നതിന് തുക അനുവദിക്കുന്നുണ്ട്. എല്ലാ ഗവൺമെന്റ് ചിൽഡ്രൻസ് ഹോമുകളിലും ലൈബ്രറി സംവിധാനം സജ്ജമാക്കിയിട്ടുണ്ട്. കുട്ടികൾക്ക് വിനോദ-വിജ്ഞാനപ്രദമായ പുസ്തകങ്ങൾ |

| (1) | (2) | (3) |
|---|---|---|
| | | വാങ്ങി നല്കുവാൻ എല്ലാ ചിൽഡ്രൻസ് ഹോം സൂപ്രണ്ട്മാർക്കും നിർദ്ദേശം നല്കിയിട്ടുണ്ട്. എല്ലാ ചിൽഡ്രൻസ് ഹോമുകളിലും വായനവാരത്തോടനു ബന്ധിച്ച് വിവിധ മത്സരങ്ങൾ നടത്തി വരുന്നുണ്ട്.<br>(6-11-2020-ലെ യോഗത്തിൽ അംഗീകരിച്ചു.) |
| 18 | **ശിപാർശ 23 (ഖണ്ഡിക 27)**<br>ഇരുപത് കുട്ടികളെ പാർപ്പിച്ചിരിക്കുന്ന പ്രസ്തുത സ്ഥാപനത്തിൽ അവരുടെ കാര്യങ്ങൾ ശ്രദ്ധിക്കുന്നതിനുവേണ്ടി രണ്ടു കെയർടേക്കർമാർ മാത്രമാണുള്ളതെന്ന കാര്യം സന്ദർശന വേളയിൽ സമിതിയുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ആയതിനാൽ ടി സ്ഥാപനത്തിൽ കെയർടേക്കർമാരുൾപ്പെ ടെയുള്ള ജീവനക്കാരുടെ എണ്ണം അടിയന്തരമായി ഉയർത്തുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിക്കണമെന്ന് സമിതി സർക്കാരിനോട് ശിപാർശ ചെയ്യുന്നു. | **സാമൂഹ്യനീതി (ഇ) വകുപ്പ്**<br>(1-1-2020 ലെ സാനീവ-ഇ 1/249/ 2019/സാനീവ നമ്പർ കത്ത് മുഖേന ലഭിച്ചത്.)<br>കേഡർ സ്ട്രെങ്ത് അനുസരിച്ചുള്ള കെയർ ടേക്കർമാരെ നിയമിക്കുന്നതി നുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ഓരോ സ്ഥാപനത്തിലും കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർമാരെ നിയമിച്ചിട്ടുണ്ട്.<br>(6-11-2020-ലെ യോഗത്തിൽ അംഗീകരിച്ചു.) |
| 19 | **ശിപാർശ 24 (ഖണ്ഡിക 29)**<br>**ഗവൺമെന്റ് ചിൽഡ്രൻസ് ഹോം**<br>രാജ്യത്തെ എല്ലാ ചൈൽഡ് വെൽ ഫെയർ കമ്മിറ്റികളുടെയും പ്രവർത്തനം | **സാമൂഹ്യനീതി (ഇ) വകുപ്പ്**<br>(1-1-2020-ലെ സാനീവ-ഇ 1/249/ 2019/സാനീവ നമ്പർ കത്ത് മുഖേന ലഭിച്ചത്.) |

| (1) | (2) | (3) |
|---|---|---|
| | ഏകോപിപ്പിക്കുന്നതിനും അവയുടെ മേൽവിലാസം ലഭ്യമാക്കുന്നതിനുമായി National Informatic Centre-ന്റെ നെറ്റ്‌വർക്ക് വഴി അവയെ ബന്ധിപ്പിക്കുന്ന സംവിധാനത്തിന്റെ സാധ്യത പരിശോധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | നാഷണൽ ഇൻഫർമാറ്റിക് സെന്ററിന്റെ നെറ്റ്‌വർക്ക് വഴി ചൈൽഡ് വെൽഫെയർ കമ്മിറ്റികളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനുള്ള സാധ്യത പരിശോധിച്ച് ആയതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.<br>(6-11-2020-ലെ യോഗത്തിൽ അംഗീകരിച്ചു.) |
| 20 | **ശിപാർശ 25 (ഖണ്ഡിക 30)**<br>തവനൂരിലെ മേല്പറഞ്ഞ സ്ഥാപനങ്ങൾക്കാവശ്യമായ കുടിവെള്ളത്തിനും മറ്റും വാട്ടർ അതോറിറ്റിയെയാണ് ആശ്രയിക്കുന്നതെന്ന് സന്ദർശനത്തിൽ നിന്നും സമിതിക്ക് ബോധ്യമായി. ആയതിനാൽ ഈ സ്ഥാപനങ്ങൾക്കായി ഒരു പൊതു കിണർ, അന്തേവാസികളുടെ മാനസിക ഉല്ലാസത്തിനായി ഒരു പാർക്ക്, അവർക്കായി ഒരു ഇലക്ട്രിക് ശ്മശാനം, സുരക്ഷയ്ക്ക് വേണ്ടി ഒരു ചുറ്റുമതിൽ എന്നിവ അടിയന്തരമായി നിർമ്മിക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **സാമൂഹ്യനീതി (ഇ) വകുപ്പ്**<br>(1-1-2020-ലെ സാനീവ-ഇ 1/249/2019/സാനീവ നമ്പർ കത്ത് മുഖേന ലഭിച്ചത്.)<br>നടപടികൾ സ്വീകരിക്കുന്നതാണ്.<br>(6-11-2020-ലെ യോഗത്തിൽ അംഗീകരിച്ചു.) |

| (1) | (2) | (3) |
|---|---|---|
| 21 | **ശിപാർശ 26 (ഖണ്ഡിക 31)**<br>സാമൂഹ്യക്ഷേമ വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളിലെല്ലാം തന്നെ അന്യ സംസ്ഥാനക്കാരായ നിരവധി അന്തേവാസി കളുള്ളതായി സമിതി മനസ്സിലാക്കുന്നു. ഇവരുമായി ആശയ വിനിമയം നടത്തുന്നതിന് ഭാഷ ഒരു പ്രധാന തടസ്സമാണെന്നും ഇക്കാരണത്താൽ അവരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ പോലും കഴിയില്ലെന്നും ജീവനക്കാർ സമിതി മുമ്പാകെ വ്യക്തമാക്കി. ടി സ്ഥാപനങ്ങളിൽ താമസിക്കുന്ന അന്തേവാസികൾക്ക് അവരുടെ സ്വന്തം നാട്ടിലേക്ക് തിരികെ പോകാൻ താല്പര്യമുണ്ടെന്ന് മനസ്സിലാക്കിയ സമിതി, അത്തരം അന്തേവാസികളെ അതാതു സംസ്ഥാനത്തു പ്രവർത്തിക്കുന്ന സമാന സ്വഭാവമുള്ള സ്ഥാപനങ്ങളിലേക്ക് തിരിച്ചയയ്ക്കുന്നത് അവരുടെ വ്യക്തിത്വ വികാസത്തിനും ഭാവിജീവിതത്തിനും സഹായകരമാകുമെന്ന് പ്രതീക്ഷിക്കുന്നു. ആയതിനാൽ സ്വന്തം നാട്ടിലേക്ക് തിരികെ പോകാൻ താല്പര്യമുള്ള അന്തേവാസികളെ, അവരുടെ പുനരധിവാസത്തിനുള്ള നടപടികൾ ഉറപ്പുവരുത്തിയശേഷം സുരക്ഷിതമായി തിരികെ അയയ്ക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **സാമൂഹ്യനീതി (ഇ) വകുപ്പ്**<br>(1-1-2020-ലെ സാനീവ-ഇ 1/249/ 2019/സാനീവ നമ്പർ കത്ത് മുഖേന ലഭിച്ചത്.)<br>സ്വന്തം നാട്ടിലേക്ക് തിരിച്ചു പോകാൻ താല്പര്യമുള്ള കുട്ടികളെ ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ അനുമതിയോടുകൂടി റീ-പാട്രിയേഷൻ നടത്തുന്നുണ്ട്. ആയതിനുള്ള ഫണ്ട് എല്ലാ ജില്ലാ ശിശുസംരക്ഷണ യൂണിറ്റുകളിലും ലഭ്യമാകുന്നുണ്ട്. 2018 നവംബർ മുതൽ 2019 നവംബർ വരെ 250 കുട്ടികളെ സ്വന്തം നാട്ടിലേയ്ക്ക് തിരിച്ചയച്ചിട്ടുണ്ട്.<br>(6-11-2020-ലെ യോഗത്തിൽ അംഗീകരിച്ചു.) |

| (1) | (2) | (3) |
| --- | --- | --- |
| 22 | **ശിപാർശ 27 (ഖണ്ഡിക 33)**<br><br>**ശിശുപരിപാലന കേന്ദ്രം, കോട്ടൂർ**<br><br>സംസ്ഥാനത്ത് അംഗീകാരമുള്ള 1500 അനാഥാലയങ്ങളുണ്ടെന്നും എന്നാൽ പ്രസ്തുത സ്ഥാപനങ്ങളിൽ പലതിനും അടിസ്ഥാന സൗകര്യങ്ങൾ പോലുമില്ലെന്നും, ആവശ്യത്തിന് സമ്പത്തുള്ള സ്ഥാപന ങ്ങളിൽ പോലും കുട്ടികൾക്ക് മതിയായ സൗകര്യങ്ങൾ നൽകുന്നില്ല എന്നും സമിതി ചൂണ്ടിക്കാട്ടി. അനാഥ ശിശുക്കൾ അനർഹരുടെ കൈകളിൽ എത്തിപ്പെടുന്നത് തടയേണ്ടത് സമൂഹത്തിന്റെ ആവശ്യമാണെന്നും ആയതിനാൽ സ്വകാര്യ ദത്തെടുക്കൽ കേന്ദ്രങ്ങളിലെ കുട്ടികളെ അംഗീകൃത ദത്തെടുക്കൽ കേന്ദ്രങ്ങൾക്ക് കൈമാറ്റം ചെയ്യുംവിധം നിയമം പരിഷ്കരിക്കണ മെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ പ്രസ്തുത അംഗീകൃത ദത്തെടുക്കൽ കേന്ദ്രങ്ങളിൽ നിന്ന് ദത്തു നൽകിയ കുട്ടികളുടെ ശരിയായ തുടർ നിരീക്ഷണം (ഫോളോ അപ്പ്) നടത്തുന്നതിനായി സംവിധാനമൊരുക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | **സാമൂഹ്യനീതി (ഇ) വകുപ്പ്**<br><br>(1-1-2020 ലെ സാനീവ-ഇ 1/249/ 2019/സാനീവ നമ്പർ കത്ത് മുഖേന ലഭിച്ചത്.)<br><br>2015-ലെ ബാലനീതി നിയമം സെക്ഷൻ 80 പ്രകാരം അനധികൃത മാർഗ്ഗങ്ങളിലൂടെ കുട്ടികളെ കൈമാറ്റം ചെയ്യുന്ന സ്ഥാപനങ്ങൾക്കും വ്യക്തി കൾക്കും 3 വർഷം വരെ തടവോ ഒരു ലക്ഷം രൂപ പിഴയോ രണ്ടും കൂടിയോ ഉള്ള ശിക്ഷ ലഭിക്കുന്നതാണ് എന്ന് പ്രതിപാദിക്കുന്നുണ്ട്. അതോടൊപ്പം തന്നെ ശിശു സംരക്ഷണ സ്ഥാപന ങ്ങളിൽ അനാഥരും ഉപേക്ഷിക്ക പ്പെട്ടവരും ഏൽപ്പിച്ച കൊടുക്കപ്പെട്ടവരും ആയ കുട്ടികൾ ഉണ്ടെങ്കിൽ SAA-CCI ലിങ്കേജ് മുഖാന്തരം ദത്തു നല്കാവുന്നതാണ്. സംസ്ഥാനത്ത് ദത്തു നടപടിക്രമങ്ങൾ നടപ്പിലാക്കുന്നത് 2017-ലെ അഡോപ്ഷൻ റെഗുലേഷൻ പ്രകാരമാണ്. ഈ സാഹചര്യത്തിൽ കുട്ടികളെ കൈമാറ്റം ചെയ്യുന്നത് സംബന്ധിച്ച് നിയമ പരിഷ്കരണം നടത്തേണ്ട ആവശ്യമില്ല.<br><br>2017-ലെ അഡോപ്ഷൻ റെഗുലേഷൻ പ്രകാരം അംഗീകൃത ദത്തെടുക്കൽ സ്ഥാപനങ്ങളിൽ നിന്ന് ദത്തു നല്കിയ കുട്ടികളുടെ ഫോളോ അപ്പ് അഡോ പ്ഷൻ റെഗുലേഷൻ 13 പ്രകാരം കുട്ടിയെ പ്രീ അഡോപ്ഷൻ ഫോളോ അപ്പിന് നല്കിയത് മുതൽ 2 വർഷ കാലത്തേയ്ക്ക് 6 മാസത്തിൽ ഒരിക്കൽ അംഗീകൃത ദത്തെടുക്കൽ സ്ഥാപനമോ DCPO യോ തുടർ അന്വേഷണം നടത്തേണ്ടതാണ് |

| (1) | (2) | (3) |
|---|---|---|
| | | എന്നാണ് പ്രതിപാദി ച്ചിരിക്കുന്നത്. ഇത് സംബന്ധിച്ച നടപടി സംസ്ഥാനത്ത് സ്വീകരിച്ച് വരുന്നു.<br>(6-11-2020-ലെ യോഗത്തിൽ അംഗീകരിച്ചു.) |
| 23 | **ശിപാർശ 28 (ഖണ്ഡിക 34)**<br>ജുവനൈൽ ജസ്റ്റീസ് ആക്റ്റ് (ഭേദഗതി) 2006-ലെ 34(3) വകുപ്പ് പ്രകാരം ശ്രദ്ധയും പരിരക്ഷയും ആവശ്യമുള്ള കുട്ടികൾക്ക് വേണ്ടി സ്ഥാപിച്ചിട്ടുള്ള എല്ലാ സ്ഥാപനങ്ങളും 6 മാസത്തിനകം ജുവനൈൽ ജസ്റ്റീസ് നിയമ പ്രകാരം നിർബന്ധമായും രജിസ്റ്റർ ചെയ്യണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇത് പൂർണ്ണമായും പാലിക്കപ്പെടുന്നുവെന്ന് ഉറപ്പു വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **സാമൂഹ്യനീതി (ഇ) വകുപ്പ്**<br>(1-1-2020-ലെ സാനീവ-ഇ 1/249/ 2019/സാനീവ നമ്പർ കത്ത് മുഖേന ലഭിച്ചത്.)<br>ബാലനീതി നിയമം 2000 റദ്ദാക്കിക്കൊണ്ട് ബാലനീതി നിയമം 2015 നിലവിൽ വന്നിട്ടുണ്ട്. ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികൾക്കായുള്ള 809 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ആയവയെല്ലാം ഈ നിയമ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്. രജിസ്റ്റർ ചെയ്യാത്ത 258 സ്ഥാപനങ്ങൾ ബന്ധപ്പെട്ട ജില്ലാ ശിശുസംരക്ഷണ ഓഫീസർമാരുടെ റിപ്പോർട്ട് പ്രകാരം അടച്ചുപൂട്ടിയിട്ടുണ്ട്.<br>(6-11-2020-ലെ യോഗത്തിൽ അംഗീകരിച്ചു.) |
| 24 | **ശിപാർശ 29 (ഖണ്ഡിക 35)**<br>**18 വയസ്സിനു മുകളിൽ പ്രായമുള്ളവർക്ക് വേണ്ടിയുള്ള രജിസ്ട്രേഷൻ**<br>18 വയസ്സിനു മുകളിൽ പ്രായമുള്ളവർക്ക് വേണ്ടിയുള്ള സ്ഥാപനങ്ങൾ നിർബന്ധമായും the Board of Control of Orphanages | **സാമൂഹ്യനീതി (സി) വകുപ്പ്**<br>(13-1-2020-ലെ സാനീവ-സി1/297/ 2019-സാനീവ നമ്പർ കത്ത് മുഖേന ലഭിച്ചത്.)<br>സംസ്ഥാനത്ത് 18 വയസ്സിനു മുകളിൽ പ്രായമുള്ള അനാഥരും, |

| (1) | (2) | (3) |
|---|---|---|
| | and other Charitable Houses Act, 1960 പ്രകാരം രജിസ്റ്റർ ചെയ്യിക്കുന്നതിന് സംവിധാനമുണ്ടാക്കണമെന്നും ഇത്തരത്തിലുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ (സ്വകാര്യ സ്ഥാപനങ്ങൾ ഉൾപ്പെടെ) കാലാകാലങ്ങളിൽ പരിശോധിക്കുന്നതിനും വിലയിരുത്തുന്നതിനു മായി പ്രാദേശിക ഭരണതലത്തിൽ നിരീക്ഷണ സമിതികൾ പോലുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | അഗതികളുമായിട്ടുള്ളവരെ സംരക്ഷിക്കുന്ന ക്ഷേമസ്ഥാപനങ്ങൾ The Board of Control for Orphanages and other Charitable Homes Act, 1960 പ്രകാരം രൂപീകരിച്ചിട്ടുള്ള ഓർഫനേജ് കൺട്രോൾ ബോർഡിൽ രജിസ്റ്റർ ചെയ്യുന്നുണ്ട്. 18 വയസ്സിനുമേൽ പ്രായമുള്ളവരെ സംരക്ഷിക്കുന്ന ക്ഷേമസ്ഥാപനങ്ങൾ ഓർഫനേജ് കൺട്രോൾ ബോർഡിൽ രജിസ്റ്റർ ചെയ്തു തന്നെയാണ് പ്രവർത്തിക്കുന്നത്. ഇത്തരം ക്ഷേമ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനായി സമർപ്പിക്കേണ്ട അപേക്ഷയുടെ പൂർണ്ണരൂപം സാമൂഹ്യ നീതി വകുപ്പിന്റെ വെബ്സൈറ്റായ www.sjd.kerala.gov.in-ൽ Orphanage എന്ന ലിങ്കിൽ കൊടുത്തിട്ടുണ്ട്. അപേക്ഷയിൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ള രേഖകൾ സഹിതം തിരുവനന്തപുരം വികാസ് ഭവനിലുള്ള ഓർഫനേജ് കൺട്രോൾ ബോർഡിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്. 18 വയസ്സിനുമേൽ പ്രായമുള്ളവരെ സംരക്ഷിക്കുന്ന വിവിധ ക്ഷേമസ്ഥാപനങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.<br>Home for Women in Distress -69<br>Beggar Home - 17<br>Old Age Home - 619<br>Home for Differently Abled - 288<br>Others - 44 |

| (1) | (2) | (3) |
|---|---|---|
| | | ഈ ക്ഷേമസ്ഥാപനങ്ങളിൽ ഓർഫനേജ് കൺട്രോൾ ബോർഡ് അംഗങ്ങൾ, ജില്ലാ സാമൂഹ്യനീതി ആഫീസർ എന്നിവർ പരിശോധന നടത്താറുണ്ട്. ഗ്രാന്റ് ലഭിക്കുന്ന സ്ഥാപനങ്ങളിൽ ഇവരെ കൂടാതെ സംസ്ഥാന ആഡിറ്റ് വകുപ്പും കാലാകാലങ്ങളിൽ പരിശോധന നടത്തുന്നുണ്ട്.<br><br>ജില്ലാതലത്തിൽ ക്ഷേമസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്ന തിനും പരിശോധിക്കുന്നതിനും ജില്ലാ കളക്ടർ ചെയർമാനായിട്ടുള്ള മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയിൽ താഴെപ്പറയുന്നവരാണ് അംഗങ്ങൾ.<br><br>1. ജില്ലാ കളക്ടർ - ചെയർമാൻ<br><br>2. സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ജില്ലയിലെ 4 എം.എൽ.എ.മാർ<br><br>3. ജില്ലാ സപ്ലൈ ആഫീസർ<br><br>4. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺസ് (ജില്ലാ പഞ്ചായത്ത്, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി)<br><br>5. ചീഫ് എൽ.പി.ജി. മാനേജർ, ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ/ പ്രതിനിധി<br><br>6. എക്സിക്യൂട്ടീവ് എഞ്ചിനീയർ, വൈദ്യുത ബോർഡ് |

| (1) | (2) | (3) |
|---|---|---|
| | | 7. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്<br>8. റീജിയണൽ ട്രാൻസ്പോർട്ട് ആഫീസർ/ പ്രതിനിധി<br>9. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ഹെൽത്ത്.<br>10. ജില്ലാ മെഡിക്കൽ ആഫീസർ<br>11. ജില്ലാ എംപ്ലോയ്മെന്റ് ആഫീസർ<br>12. എക്സിക്യൂട്ടീവ് എഞ്ചീനീയർ , ജല അതോറിറ്റി.<br>13. പോലീസ് കമ്മീഷണർ / ജില്ലാ പോലീസ് സൂപ്രണ്ട്<br>14. ജില്ലയുടെ ചുമതലയുള്ള ഓർഫനേജ് കൺട്രോൾ ബോർഡ് മെമ്പർ<br>15. ഡിസ്ട്രിക്ട് ലെവൽ അസോസിയേഷൻ ഓഫ് ഓർഫനേജസിന്റെ പ്രതിനിധി<br>16. ജില്ലാ സാമൂഹ്യനീതി ആഫീസർ - കൺവീനർ<br>സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ക്ഷേമ സ്ഥാപനങ്ങളുടെ പ്രവർത്തനം അവലോകനം ചെയ്യുന്നതിന് ബഹു മാനപ്പെട്ട മുഖ്യമന്ത്രി അദ്ധ്യക്ഷനായി ട്ടുള്ള സംസ്ഥാനതല അവലോകന സമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയിൽ താഴെപ്പറയുന്നവരാണ് അംഗങ്ങൾ<br>1. ബഹു.മുഖ്യമന്ത്രി - അദ്ധ്യക്ഷൻ<br>2. ബഹു.സാമൂഹ്യനീതി വകുപ്പ് മന്ത്രി - ഉപാദ്ധ്യക്ഷൻ<br>3. ബഹു.ധനകാര്യ വകുപ്പ് മന്ത്രി<br>4. ബഹു.റവന്യൂ വകുപ്പ് മന്ത്രി |

| (1) | (2) | (3) |
|---|---|---|
| | | 5. ബഹു.ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി<br>6. ബഹു.ആരോഗ്യ വകുപ്പ് മന്ത്രി<br>7. ബഹു.ജലവിഭവ വകുപ്പ് മന്ത്രി<br>8. ബഹു.വൈദ്യുത വകുപ്പ് മന്ത്രി<br>9. ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി<br>10. ബഹു.ആഭ്യന്തര വകുപ്പ് മന്ത്രി<br>11. സെക്രട്ടറി, ധനകാര്യ വകുപ്പ്<br>12. സെക്രട്ടറി, റവന്യൂ വകുപ്പ്<br>13. സെക്രട്ടറി, ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ്<br>14. സെക്രട്ടറി, ആരോഗ്യ വകുപ്പ്<br>15. സെക്രട്ടറി, ജലവിഭവ വകുപ്പ്<br>16. സെക്രട്ടറി, ഊർജ്ജ വകുപ്പ്<br>17. സെക്രട്ടറി, വിദ്യാഭ്യാസ വകുപ്പ്<br>18. സെക്രട്ടറി, ആഭ്യന്തര വകുപ്പ്<br>19. ഓർഫനേജ് കൺട്രോൾ ബോർഡ് ചെയർമാനും അംഗങ്ങളും<br>20. ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്.<br>21. സെക്രട്ടറി, സാമൂഹ്യനിതി വകുപ്പ് -കൺവീനർ<br>സന്നദ്ധ സംഘടനകൾ നടത്തുന്ന ക്ഷേമ സ്ഥാപനങ്ങളാണ് ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടുകൂടി സംസ്ഥാനത്ത് പ്രവർത്തിക്കുന്നത്.<br>(6-11-2020-ലെ യോഗത്തിൽ അംഗീകരിച്ചു.) |

ഭാഗം II

സമിതിയുടെ ശിപാർശ, സർക്കാർ ലഭ്യമാക്കിയ മറുപടി, സമിതി ആവശ്യപ്പെട്ട അധികവിവരം, ആയതിന്മേലുള്ള സമിതിയുടെ തുടർ ശിപാർശ എന്നിവ സംബന്ധിച്ച വിശദാംശം

| ക്രമ നം. | ശിപാർശ | സ്വീകരിച്ച നടപടി |
|---|---|---|
| (1) | (2) | (3) |
| 1 | **ശിപാർശ 1 (ഖണ്ഡിക 3)**<br><br>**വൃദ്ധമന്ദിരം**<br><br>29-8-1995-ലെ സർക്കാർ ഉത്തരവ് നമ്പർ (MS) 39/95/SWD പ്രകാരം 21-1-1998-നാണ് മലപ്പുറത്ത് തവനൂർ വൃദ്ധമന്ദിരം പ്രവർത്തനമാരംഭിച്ചത്. അന്തേവാസികളായി 25 പേരെ പ്രവേശിപ്പിക്കുന്നതിനുള്ള സൗകര്യത്തോടെ അനുവദിച്ച പ്രസ്തുത സ്ഥാപനത്തിൽ ഇപ്പോൾ 100 അന്തേവാസികൾക്ക് വേണ്ടിയുള്ള പ്രവേശന സൗകര്യങ്ങളുണ്ടെങ്കിലും അവരുടെ എണ്ണത്തിനാനുപാതികമായി ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിച്ചിട്ടില്ല. ടി സ്ഥാപനത്തിൽ നിലവിൽ 60 അന്തേവാസികളുള്ളതിൽ 20 പേർ ശയ്യാവലംബികളായതിനാൽ പ്രാഥമിക കർമ്മങ്ങൾക്കുപോലും പരസഹായം വേണ്ടവരാണെന്ന് സന്ദർശനവേളയിൽ സമിതിക്ക് ബോധ്യപ്പെടുകയുണ്ടായി. ഇവർക്കാവശ്യമായ പരിചരണം നല്കുന്നതിനും കെട്ടിടവും പരിസരവും ശുചിയായി സൂക്ഷിക്കുന്നതിനും നിലവിലുള്ള ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കേണ്ടതായിട്ടുള്ളതിനാൽ അന്തേവാസികളുടെ എണ്ണത്തിനാനുപാതികമായി | **സാമൂഹ്യനീതി (സി) വകുപ്പ്**<br><br>(18-12-2018-ലെ 10326/സി2 /2012/ സാനീവ നമ്പർ കത്ത് മുഖേന ലഭിച്ചത്)<br><br>സാമൂഹ്യനീതി വകുപ്പ് വിഭജിച്ച് സ്ത്രീകളുടെയും കുട്ടികളുടെയും വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനായി പ്രത്യേക വകുപ്പ് രൂപീകരിച്ചതിനാൽ തവനൂർ വൃദ്ധമന്ദിരത്തിലെ അന്തേവാസികളുടെ എണ്ണത്തിനാനുപാതികമായി ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ വകുപ്പ് വിഭജന നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതാണെന്ന് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.<br><br>(7-5-2019-ലെ യോഗത്തിൽ പരിഗണിക്കുകയും അധികവിവരം ആരായുകയും ചെയ്തു.) |

| (1) | (2) | (3) |
|---|---|---|
| | ജീവനക്കാരുടെ എണ്ണം വർദ്ധിപ്പി ക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br><br>**7-5-2019-ൽ സമിതി ആവശ്യപ്പെട്ട**<br><br>**അധികവിവരം**<br><br>തവനൂർ വൃദ്ധമന്ദിരത്തിലെ അന്തേവാസി കളുടെ എണ്ണത്തിനാനുപാതികമായി ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്ന തിനുള്ള പ്രൊപ്പോസലുകളുടെ നിലവിലെ സ്ഥിതി.<br><br>**6-11-2020-ൽ സമിതി ആവശ്യപ്പെട്ട**<br><br>**അധികവിവരം**<br><br>പ്രസ്തുത ശിപാർശയിന്മേൽ അടിയന്തര മായി തുടർ നടപടി സ്വീകരിച്ച് അന്തിമ റിപ്പോർട്ട് ലഭ്യമാക്കുക. | **സാമൂഹ്യനീതി (സി) വകുപ്പ്**<br><br>(10-12-2019 ലെ സാനീവ-സി2/353/2019-സാനീവ നമ്പർ കത്ത് മുഖേന ലഭിച്ചത്.)<br><br>നിലവിൽ വകുപ്പ് വിഭജന നടപടികൾ അന്തിമ ഘട്ടത്തിലാണ്. ആയതു പൂർത്തിയായതിനുശേഷം ജീവനക്കാ രുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും ക്ലാർക്കിന്റെ തസ്തിക സൃഷ്ടിക്കുന്ന തിനുമുള്ള പ്രൊപ്പോസലുകൾ സർക്കാരി ലേക്ക് സമർപ്പിക്കുന്നതാണെന്ന് സാമൂഹ്യ നീതി വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.<br><br>(6-11-2020-ലെ യോഗത്തിൽ പരിഗണി ക്കുകയും അധികവിവരം ആരായുകയും ചെയ്തു. |
| 2 | **ശിപാർശ 2 (ഖണ്ഡിക 4)**<br><br>അന്തേവാസികളെ പരിചരിക്കുന്നതിനും ശുചിത്വ പ്രവർത്തനത്തിനുമായി നില വിൽ ഒരു മെയിൽ അറ്റൻഡന്റും, ഒരു ഫീമെയിൽ അറ്റൻഡന്റും മാത്രമാണുള്ളത്. | **സാമൂഹ്യനീതി (സി) വകുപ്പ്**<br><br>(18-12-2018-ലെ 10326/സി2/2012/ സാനീവ നമ്പർ കത്ത് മുഖേന ലഭിച്ചത്)<br><br>തവനൂർ ഗവ. വൃദ്ധമന്ദിരത്തിൽ നിലവിൽ ഒരു മെയിൽ അറ്റൻഡറുടെയും ഫീമെയിൽ അറ്റൻഡറുടെയും തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. |

| (1) | (2) | (3) |
| --- | --- | --- |
| | ആയതിനാൽ ശയ്യാവലംബരായി ഇരുപതോളം അന്തേവാസികൾ വസിക്കുന്ന പ്രസ്തുത സ്ഥാപനത്തിൽ ഒരു മെയിൽ അറ്റൻഡന്റിന്റേയും ഫീമെയിൽ അറ്റൻഡന്റിന്റേയും, ഓഫീസിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കായി ഒരു എൽ.ഡി. ക്ലാർക്കിന്റേയും തസ്തികകൾ സൃഷ്ടിക്കുന്നതിനുവേണ്ടിയുള്ള സത്വര നടപടികൾ സ്വീകരിക്കണമെന്ന് സമിതി സർക്കാരിനോട് ശിപാർശ ചെയ്യുന്നു.<br><br>**7-5-2019-ൽ സമിതി ആവശ്യപ്പെട്ട**<br><br>**അധികവിവരം**<br><br>തവനൂർ വൃദ്ധമന്ദിരത്തിൽ എൽ.ഡി. ക്ലാർക്കിന്റെ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി.<br><br>**<u>6-11-2020-ൽ സമിതി ആവശ്യപ്പെട്ട</u>**<br><br>**<u>അധികവിവരം</u>**<br><br><u>പ്രസ്തുത ശിപാർശയിന്മേൽ അടിയന്തരമായി തുടർ നടപടി സ്വീകരിച്ച് അന്തിമ റിപ്പോർട്ട് ലഭ്യമാക്കുക.</u> | എൽ.ഡി.ക്ലാർക്കിന്റെ തസ്തിക വകുപ്പ് വിഭജന നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പ്രൊപ്പോസൽ സർക്കാരിലേക്ക് സമർപ്പിക്കുന്നതാണെന്ന് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.<br><br>(7-5-2019-ലെ യോഗത്തിൽ പരിഗണിക്കുകയും അധികവിവരം ആരായുകയും ചെയ്തു.)<br><br>**സാമൂഹ്യനീതി (സി) വകുപ്പ്**<br><br>(10-12-2019-ലെ സാനീവ-സി2/353/2019-സാനീവ നമ്പർ കത്ത് മുഖേന ലഭിച്ചത്.)<br><br>നിലവിൽ വകുപ്പ് വിഭജന നടപടികൾ അന്തിമ ഘട്ടത്തിലാണ്. ആയത് പൂർത്തിയായതിനു ശേഷം ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും ക്ലാർക്കിന്റെ തസ്തിക സൃഷ്ടിക്കുന്നതിനുമുള്ള പ്രൊപ്പോസലുകൾ സർക്കാരിലേക്ക് സമർപ്പിക്കുന്നതാണെന്ന് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.<br><br>(6-11-2020-ലെ യോഗത്തിൽ പരിഗണിക്കുകയും അധികവിവരം ആരായുകയും ചെയ്തു.) |

| (1) | (2) | (3) |
| --- | --- | --- |
| 3 | **ശിപാർശ 4 (ഖണ്ഡിക 6)**<br><br>വാർദ്ധക്യസഹജമായ അസുഖങ്ങളാൽ ബുദ്ധിമുട്ടുന്ന അന്തേവാസികളെ പരിചരിക്കുന്നതിനായി മുഴുവൻ സമയവും സേവനം ലഭിക്കത്തക്ക വിധത്തിൽ നഴ്സ് തസ്തികകൾ സൃഷ്ടിക്കാൻ സത്വര നടപടികൾ സർക്കാർ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **സാമൂഹ്യനീതി (സി) വകുപ്പ്**<br><br>(18-12-2018-ലെ 10326/സി2/2012/സാനീവ നമ്പർ കത്ത് മുഖേന ലഭിച്ചത്)<br><br>തവനൂർ വൃദ്ധമന്ദിരത്തിൽ നിലവിൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന താല്ക്കാലിക തസ്തികയിൽ ഒരു നഴ്സ് സേവനമനുഷ്ഠിക്കുന്നു. എന്നാൽ അന്തേവാസികളുടെ എണ്ണത്തിനാനുപാതികമായി മൂന്ന് നഴ്സുമാരുടെ സേവനം ആവശ്യമാണ്. കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നഴ്സുമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.<br><br>(7-5-2019-ലെ യോഗത്തിൽ പരിഗണിക്കുകയും അധികവിവരം ആരായുകയും ചെയ്തു.) |
| | **7-5-2019-ൽ സമിതി ആവശ്യപ്പെട്ട അധികവിവരം**<br><br>തവനൂർ വൃദ്ധമന്ദിരത്തിൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നഴ്സുമാരെ നിയമിക്കുന്നതിന് സ്വീകരിച്ച നടപടി. | **സാമൂഹ്യനീതി (സി) വകുപ്പ്**<br><br>(10-12-2019 ലെ സാനീവ-സി2/353/2019-സാനീവ നമ്പർ കത്ത് മുഖേന ലഭിച്ചത്)<br><br>കേരള സാമൂഹ്യ സുരക്ഷാ മിഷനിലെ ഫണ്ടിന്റെ അപര്യാപ്തത കാരണം നഴ്സുമാരെ നിയമിക്കുവാനുള്ള നടപടി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല.<br><br>(6-11-2020-ലെ യോഗത്തിൽ പരിഗണിക്കുകയും അധികവിവരം ആരായുകയും ചെയ്തു.) |

| (1) | (2) | (3) |
| --- | --- | --- |
| | **6-11-2020-ൽ സമിതി ആവശ്യപ്പെട്ട അധികവിവരം**<br>പ്രസ്തുത ശിപാർശയിന്മേൽ അടിയന്തരമായി തുടർ നടപടി സ്വീകരിച്ച് അന്തിമ റിപ്പോർട്ട് ലഭ്യമാക്കുക. | |
| 4 | **ശിപാർശ 14 (ഖണ്ഡിക 16)**<br>**പ്രതീക്ഷാ ഭവൻ**<br>കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. മുഖാന്തരം പ്രതീക്ഷാ ഭവനുവേണ്ടി പൂർത്തിയാക്കിയ കെട്ടിടത്തിലേക്ക് സ്ഥാപനം മാറ്റി പ്രവർത്തിക്കുമ്പോൾ, കെട്ടിടത്തിന്റെ വലിപ്പവും സവിശേഷതകളും പരിഗണിച്ച് കെയർ ടേക്കർമാർ, കുക്ക്, എൽ.ഡി. ക്ലാർക്ക്, പാർട്ട്ടൈം കൗൺസിലർ, ഫിസിയോ തെറാപ്പിസ്റ്റ് എന്നീ തസ്തികകളുടെ എണ്ണം വർദ്ധിപ്പിക്കേണ്ടത് അനിവാര്യമായതിനാൽ അപ്രകാരം വർദ്ധനവ് വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br>**5-12-2013-ൽ സമിതി ആവശ്യപ്പെട്ട അധികവിവരം**<br>പ്രതീക്ഷാഭവനിൽ കൂടുതൽ ഉദ്യോഗസ്ഥരെ നിയമിക്കുന്നതു സംബന്ധിച്ച് സ്വീകരിച്ചു വരുന്ന നടപടികളുടെ വിശദമായ റിപ്പോർട്ട് ലഭ്യമാക്കുക. | **സാമൂഹ്യനീതി (ഡി)വകുപ്പ്**<br>(18-4-2013-ലെ 1141/ഡി2/13/സാനീവ നമ്പർ കത്ത് മുഖേന ലഭിച്ചത്.)<br>പ്രതീക്ഷാഭവനിൽ കൂടുതൽ സ്റ്റാഫിനെ നിയമിക്കുന്നതിന് സാദ്ധ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.<br>(5-12-2013-ലെ യോഗത്തിൽ പരിഗണിക്കുകയും അധികവിവരം ആരായുകയും ചെയ്തു.)<br>**സാമൂഹ്യനീതി (എ)വകുപ്പ്**<br>(9-1-2020-ലെഎ 2/20/2018/സാ.നീ.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്.)<br>മലപ്പുറം തവനൂരിൽ പ്രവർത്തിക്കുന്ന പ്രതീക്ഷാഭവനിൽ നിലവിലുള്ള 102 പേരെ ഉൾക്കൊള്ളാൻ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കിയശേഷം അത്യാവശ്യം വേണ്ട തസ്തികകളിലേക്ക് ദിവസ വേതന/കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുവാൻ സാമൂഹ്യനീതി ഡയറക്ടർക്ക് നിർദ്ദേശം |

| (1) | (2) | (3) |
|---|---|---|
| | **<u>6-11-2020-ൽ സമിതി ആവശ്യപ്പെട്ട അധികവിവരം</u>**<br><u>പ്രസ്തുത ശിപാർശയിന്മേൽ അടിയന്തരമായി തുടർ നടപടി സ്വീകരിച്ച് അന്തിമ റിപ്പോർട്ട് ലഭ്യമാക്കുക</u>. | നല്കിയിരുന്നു. ഈ സാഹചര്യത്തിൽ PWD എസ്റ്റിമേറ്റ് ലഭ്യമായാലുടൻ തന്നെ മലപ്പുറം പ്രതീക്ഷാഭവനിൽ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും ആയതിനുശേഷം ആവശ്യമായ ജീവനക്കാരെ ദിവസവേതന/കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതാണെന്നും ഡയറക്ടർ അറിയിച്ചിരിക്കുന്നു. പ്രസ്തുത പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ആയതിന്മേൽ തുടർനടപടി സ്വീകരിക്കുന്നതാണെന്ന വിവരം അറിയിക്കുന്നു.<br>(6-11-2020-ലെ യോഗത്തിൽ പരിഗണിക്കുകയും അധികവിവരം ആരായുകയും ചെയ്തു.) |

യു. പ്രതിഭ,

*അദ്ധ്യക്ഷ,*
*സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും*
*കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും*
*ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2023 മാർച്ച് 15.